**ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ & കോഴിക്കോട് ജില്ലാകളക്ടറുടെ നടപടിക്രമം.**

*(ഹാജർ : എ ഗീത ഐ എ എസ്)*

വിഷയം : നിപ വൈറസ് രോഗം വിദ്യാഭ്യാസസ്ഥാപനങ്ങൾ സാധാരണ നിലയിലേക്ക് മാറ്റുന്നത് – സംബന്ധിച്ച്-ഉത്തരവ്

സൂചന :1) 16/09/2023 ലെ ഇതേ നമ്പർ ഉത്തരവ്.

2) 23-09-2023 ലെ ജില്ലാ പ്രോഗ്രാം ഓഫീസറുടെ (NHM) KKD/4367/DEO(2)/2023/DPMSU നമ്പർ കത്ത്

**ഉത്തരവ് നമ്പർ : DCKKD/9827/2023/F4 തിയ്യതി : 23-09-2023**

കോഴിക്കോട് ജില്ലയിൽ വിവിധ സ്ഥലങ്ങളിൽ നിപ വൈറസ് ബാധ സ്ഥിരീകരിച്ചതിനെ തുടർന്നുള്ള ജാഗ്രതയുടെ ഭാഗമായി സൂചന ഒന്നിലെ ഉത്തരവ് പ്രകാരം അധ്യയനം ഓൺലൈൻ മോഡിലേക്ക് മാറ്റിയിരുന്നു.

സൂചന (2) പ്രകാരം ജില്ലയിൽ നിപ വൈറസ് വ്യാപനത്തിന്റെ ഭീഷണി കുറഞ്ഞു വരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജില്ലയിൽ കണ്ടെയ്ൻമെൻറ് സോണുകളിൽ ഒഴികെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും 25-09-2023 മുതൽ സാധാരണ നിലയിൽ പ്രവർത്തിക്കേണ്ടതാണ്.

- വിദ്യാർത്ഥികൾ ഈ ദിവസം മുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പതിവുപോലെ എത്തിച്ചേരേണ്ടതാണ്.
- വിദ്യാർത്ഥികളും അധ്യാപകരും മറ്റു ജീവനക്കാരും മാസ്കും സാനിടൈസറും നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്.
- വിദ്യാലയങ്ങളുടെ പ്രവേശന കവാടത്തിലും ക്ലാസ് റൂമുകളിലും സാനിറ്റൈസർ വെക്കേണ്ടതും എല്ലാവരും ഇത് ഉപയോഗിച്ച് കൈകൾ സാനിറ്റൈസ് ചെയ്യേണ്ടതുമാണ്.
- കണ്ടെയ്ൻമെൻറ് സോണുകളിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ, അവിടെ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ പിൻവലിക്കുന്നത് വരെ അധ്യയനം ഓൺലൈൻ ആയി തന്നെ തുടരേണ്ടതാണ്.

ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി.